പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാനിധ്യം സംബന്ധിച്ചു പരിശോധന കർശനമാക്കിയതിലൂടെ അമിത അളവിൽ കീടനാശിനികൾ ചേർത്ത ഈ ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്തെത്തുന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നാണു ആരോഗ്യവകുപ്പിന്റെ വാദം. കീടനാശിനി സാനിധ്യം ഒഴിവാക്കുന്നതിനുള്ള ലളിതമായ മാർഗങ്ങൾ നിർദേശിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലൂടെ ഭക്ഷ്യസുരക്ഷാവകുപ്പ് നൽകിയ പരസ്യത്തിനു മികച്ച പ്രതികരണം ലഭിച്ചതായി സർക്കാർ അവകാശപ്പെടുമ്പോൾതന്നെ ചുരുക്കം ചില മാധ്യമങ്ങളിലൂടെ ഒന്നോ രണ്ടോ ദിവസത്തെ പരസ്യങ്ങൾകൊണ്ട് ഈ ജനസമൂഹത്തെ മുഴുവൻ ബോധവത്കരിക്കാനാകില്ലെന്നുകൂടി ഓർമിക്കണം. ആരോഗ്യകേരളം എന്ന ആശയം അതിന്റെ പൂർണാർഥത്തിൽ പ്രാവർത്തികമാകണമെങ്കിൽ ഭക്ഷ്യസുരക്ഷാ രംഗത്തു നിരന്തരവും നിതാന്തവുമായ ജാഗ്രത അനിവാര്യമാണ്. കുടിവെള്ളത്തിൽ തുടങ്ങി ഫാസ്റ്റ് ഫുഡ് വരെ നീളുന്ന നമ്മുടെ ഭക്ഷണ സംസ്കാരത്തിന്റെ ഓരോ ഘട്ടത്തിലും അതീവ സൂക്ഷ്മതയോടെയുള്ള ഇടപെടൽ നടത്താൻ അധികൃതർക്കു കഴിയണം. കേരളം നേരിടുന്ന ഭക്ഷ്യസുരക്ഷാ പ്രശ്നം കാർഷിക കൂട്ടായ്മയിലൂടെ പരിഹരിക്കുന്നതിനൊപ്പം നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കൃതി വീണ്ടെടുക്കുകയെന്ന ഉദ്ദേശ്യത്തോടെ 2016ൽ സംസ്ഥാനത്തെ സമ്പൂർണ ജൈവകാർഷിക സംസ്ഥാനമാക്കാനുള്ള കൃഷിവകുപ്പിന്റെ താൽപര്യം അഭിനന്ദനീയമാണ്. രാസപൂരിതമായ ഭക്ഷ്യപദാർഥങ്ങൾ ഉപേക്ഷിക്കാനും ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനും ഓരോ മലയാളിയും തയ്യാറാകുന്ന കാലത്തുമാത്രമേ ഉദ്ദേശിക്കുന്ന രീതിയിലുള്ള ഭക്ഷ്യസുരക്ഷ ഒരുപരിധിവരെ ഉറപ്പുവരുത്താൻ നമുക്ക് കഴിയൂ. ഇതുതന്നെയാണ് വരുംകാല തലമുറക്കായി നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നന്മയും.

## ഐസ്ക്രീം എല്ലാം ഐസ്ക്രീം അല്ല

വേനൽ അടുത്തതോടെ കേരളത്തിന്റെ മുക്കിലും മൂലയിലും ഇനി ഐസ്ക്രീം വണ്ടികളുടെ മണിയടികൾ കേൾക്കാം. വിവിധ രുചികളിലും വർണങ്ങളിലും പായ്ക്കറ്റുകളിലുമായി ആകർഷിച്ചു കൊതിപ്പിക്കുന്ന ഐസ്ക്രീം വൈവിധ്യങ്ങൾ അങ്ങനെയങ്ങ് കണ്ണടച്ചു ഉപയോഗിക്കാൻ വരട്ടെ. നമ്മൾ ഐസ്ക്രീം എന്നപേരിൽ വാങ്ങി കുടിക്കുന്നത് ശരിക്കും ഐസ്ക്രീം തന്നെയാണോയെന്ന് ആരെങ്കിലും ചിന്തിക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടുണ്ടോ? ഐസ്ക്രീം എന്നത് നൂറുശതമാനവും പാലിൽനിന്നും നിർമിക്കുന്ന ഉത്പന്നമാണ്. ഇതിൽ കുറഞ്ഞതു പത്തുശതമാനം എങ്കിലും മിൽക്ക് ഫാറ്റ് ഉണ്ടായിരിക്കണം. എന്നാൽ വെജിറ്റബിൾ ഓയിലും പേപ്പർ പൾപ്പും അടക്കമുള്ള മാരക വിഷപദാർഥങ്ങളാണ് ഐസ്ക്രീം എന്നപേരിൽ വിറ്റഴിക്കപ്പെടുന്ന ഈ ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്നതെന്ന കാര്യം മറക്കരുത്. നിലവിൽ കേരളത്തിൽ മിൽമയും അമൂലും മാത്രമാണ് ശുദ്ധമായ ഐസ്ക്രീം വിപണിയിലെത്തിക്കുന്നത്. കേരളത്തിന്റെ സ്വന്തം മിൽമയുടെ ഐസ്ക്രീം ഉത്പന്നങ്ങൾ എന്തുകൊണ്ടും വിശ്വസിച്ചു കഴിക്കാവുന്നതാണ്. നൂറുശതമാനവും പാലിൽനിന്നാണു മിൽമ ഐസ്ക്രീം ഉണ്ടാക്കുന്നതെന്നും കൃത്രിമമായ ഫ്ളേവറുകളൊന്നും ഇതിൽ ചേർക്കാറില്ലെന്നും അധികൃതർ വ്യക്തമാക്കുന്നു.

## ഐസ്ക്രീം അല്ല; അത് ഫ്രോസൺ ഡെസർട്ട്

അതേസമയം ഐസ്ക്രീം എന്നപേരിൽ ഇന്നു വിപണി കൈയ്യടക്കിയിരിക്കുന്ന ഭൂരിഭാഗം ഉത്പന്നങ്ങളും ഫ്രോസൺ ഡെസർട്ടുകൾ ആണെന്നുള്ളതാണ് വസ്തുത. ഇന്നു കേരളത്തിൽ പ്രവർത്തിക്കുന്ന പ്രമുഖ ബ്രാൻഡുകൾ ഉൾപ്പടെ അംഗീകൃത സ്വകാര്യ ഐസ്ക്രീം നിർമാതാക്കളിൽ ഭൂരിഭാഗവും ഫ്രോസൺ ഡെസർട്ടുകളാണ് ഐസ്ക്രീം എന്ന വ്യാജേന വിറ്റഴിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃത ഫ്രോസൺ ഡെസർട്ട് നിർമാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നതായും റിപ്പോർട്ടുണ്ട്. ഫ്രോസൺ ഡെസർട്ടുകളുടെ പ്രധാന ചേരുവ വെജിറ്റബിൾ ഫാറ്റാണ്. പക്ഷേ കവറിനു പുറത്ത് വെജിറ്റബിൾ ഫാറ്റ് എന്നാണ് എഴുതിയിരിക്കുന്നതെങ്കിലും വെജിറ്റബിൾ ഓയിൽ ആണ് ഉപയോഗിക്കുന്നതെന്നു കമ്പനികൾ തന്നെ സമ്മതിക്കുന്നു. പക്ഷേ ഇതിനെക്കാൾ മറ്റൊരു ഞെട്ടിക്കുന്ന വസ്തുത ഈ വെജിറ്റബിൾ ഓയിലുകളെക്കുറിച്ചാണ്.

ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും പാചക ആവശ്യങ്ങൾക്കുശേഷം ഉപേക്ഷിക്കുന്ന പാചകം ചെയ്ത എണ്ണയാണ് ശേഖരിച്ചു പുനസംസ്കരിച്ചശേഷം വെജിറ്റബിൾ ഓയിൽ എന്നപേരിൽ ഫ്രോസൺ ഡെസർട്ടുകളുടെ നിർമാണത്തിനു ഉപയോഗിക്കുന്നതെന്ന് സംശയിക്കുന്നു. ഒന്നിൽ കൂടുതൽ തവണ തിളപ്പിച്ച എണ്ണ വീണ്ടും പാചകത്തിനു ഉപയോഗിക്കുന്നതുതന്നെ ക്യാൻസർ അടക്കമുള്ള മാരകരോഗങ്ങൾക്കു വഴിവെക്കുമെന്നിരിക്കെ, പരമാവധി ഉപയോഗിച്ചശേഷം ഹോട്ടലുകൾ ഉപേക്ഷിക്കുന്ന ഈ എണ്ണ ശേഖരിച്ചു വെജിറ്റബിൾ ഓയിലാക്കി മറിച്ചുവിൽക്കുന്നതിനു പ്രത്യേകം മാഫിയ തന്നെ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്. ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ചെറിയ തുക നൽകി രാത്രിയുടെ മറവിൽ പഴകിയ എണ്ണ ശേഖരിക്കാനെത്തുന്ന സംഘം നഗരപ്രദേശങ്ങളിൽ സജീവമാണ്.

ഫ്രോസൺ ഡെസർട്ടിൽ നിശ്ചിത അളവിൽ വെജിറ്റബിൾ ഓയിൽ ചേർക്കാമെന്ന നിയമത്തിന്റെ പഴുത് മുതലെടുത്താണ് ഇത്തരത്തിൽ ശേഖരിക്കുന്ന പഴകിയ എണ്ണ ഉപയോഗിക്കുന്നത്. മാംഗോബാർ, ചോക്കോബാർ തുടങ്ങിയ പേരുകളിൽ വിപണിയിലെത്തുന്നവയിൽ അധികവും ഫ്രോസൺ ഡെസർട്ടുകളാണെന്നും മറക്കരുത്. ഹോട്ടലുകളിലെ ബുഫെ പാർട്ടികളിലെല്ലാം ഐസ്ക്രീം എന്നപേരിൽ നൽകുന്നതും ഫ്രോസൺ ഡെസർട്ട് തന്നെ. ഇതു ശരീരത്തിനു യാതൊരുവിധ പോഷകഗുണവും നൽകുന്നില്ലെന്നു മാത്രമല്ല, ആരോഗ്യത്തിനു ഹാനികരവുമാണ്. മാത്രമല്ല, ഫ്രോസൺ ഡെസർട്ടിൽ പേപ്പർ പൾപ്പ് ചേർക്കുന്നതായും സ്ഥിരീകരിക്കാത്ത റിപ്പോർട്ടുണ്ട്. നാലു ലിറ്റർ ഫ്രോസൺ ഡെസർട്ട് 180രൂപക്ക് വിപണിയിൽ ലഭ്യമാകുമ്പോൾ ഇതിൽ ഏതെങ്കിലും രീതിയിൽ ഗുണമേൻമയുള്ള വെജിറ്റബിൾ ഓയിലാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ ഇത്രത്തോളം വിലകുറച്ച് ലഭ്യമാകില്ലെന്നു അനുമാനിക്കാമല്ലോ. ഫ്രോസൺ ഡെസർട്ടുകളുടെ ലേബലിൽപോലും തട്ടിപ്പ് നടക്കുന്നുണ്ട്. പെട്ടെന്നു തിരിച്ചറിയാതിരിക്കാനായി തീരെ ചെറിയ അക്ഷരത്തിലായിരിക്കും ഇക്കാര്യം രേഖപ്പെടുത്തിയിരിക്കുന്നത്. അതേസമയം ഇങ്ങനെയൊരു ചതി നമുക്കുചുറ്റും നടക്കുന്നുണ്ടെന്ന കാര്യത്തിൽ നമ്മുടെ ഭക്ഷ്യസുരക്ഷാ വകുപ്പോ ആരോഗ്യവകുപ്പോ ബോധവാൻമാരല്ലെന്നുകൂടി ഈ അവസരത്തിൽ പറയേണ്ടി വരുന്നു.

"കറിവയ്ക്കൻ ഒന്നുമില്ല, നിങ്ങളുപോയി എന്തേലും പച്ചക്കറി വാങ്ങിച്ചോണ്ടുവാ. ഇല്ലെങ്കിൽ നാളെതൊട്ട് കറിയില്ലാതെ ചോറുണ്ടാൽ മതി" - കാലങ്ങളായി കേരളത്തിലെ ചില വീടുകളിലെയെങ്കിലും വീട്ടമ്മമാരിൽനിന്നുയരുന്ന പതിവു വാചകമാണിത്. പണ്ടൊക്കെ ഇങ്ങനെ ഒരു ആവശ്യം ഉയർന്നാൽ കേൾക്കുന്നയാൾ സ്വന്തം പറമ്പിൽപോയി എന്തെങ്കിലുമൊക്കെ പറിച്ചുകൊണ്ടുവരുമായിരുന്നു. എന്നാൽ കാലക്രമേണ ഇതിന്റെ മറുപടിയിൽ ചെറിയ മാറ്റങ്ങൾ വന്നുതുടങ്ങി. "വിഷം വാങ്ങിച്ചു തിന്നുന്നതിലും നല്ലത് പട്ടിണി കിടക്കുന്നതു തന്നെയാണ്". ഈ മറുപടിയിലേക്കു നമ്മെ നയിച്ചതിനുള്ള ഉത്തരവാദിത്തവും നമുക്കു തന്നെയാണ്. കൃഷി കുറച്ചിലായി കണ്ടതുമുതൽ തൊട്ടതിനും പിടിച്ചതിനുമെല്ലാം അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറി, പഴവർഗങ്ങളെ ആശ്രയിക്കാൻ തുടങ്ങി. ഇങ്ങനെ കൊള്ളവിലക്കു പബ്ലിക് മാർക്കറ്റുകളിൽനിന്നും ഹൈപ്പർ ഷോപ്പുകളിൽനിന്നും വാങ്ങി നാം പാചകം ചെയ്തു കഴിക്കുന്ന ഭക്ഷ്യവസ്തുക്കൾ എത്രത്തോളം ഗുണനിലവാരമുള്ളതാണ്? രുചിയേറിയ ചേരുവകൾ ചേർത്തു ചൂടോടെ കഴിക്കുമ്പോൾ ഇതിനെക്കുറിച്ചൊക്കെ ആര് ഓർക്കാൻ അല്ലേ? പക്ഷേ, ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽ വിപണനം ചെയ്യുന്ന നല്ലൊരുഭാഗം പച്ചക്കറികളിലും പഴവർഗങ്ങളിലും മാരകമായ കീടനാശിനികൾ കലർന്നിട്ടുണ്ടെന്ന കാര്യത്തിൽ എത്രപേർ ബോധവാൻമാരാണ്? നിത്യോപയോഗത്തിലൂടെ ഇവ ജീവനു ഹാനികരമാകുന്ന രീതിയിൽ ശരീരത്തിൽ കലരുന്നുവെന്ന കാര്യം എന്തുകൊണ്ടാണ് നമ്മൾ ചിന്തിക്കാത്തത്?

വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയെ തുടർന്നു പുറത്തുവിട്ട റിപ്പോർട്ട് അനുസരിച്ചു പച്ചക്കറികൾ അടക്കമുള്ള നിത്യോപയോഗ സാധനങ്ങളിൽ ചിലയിനങ്ങളിൽ മാരക അളവിലുള്ള വിഷാംശം കണ്ടെത്തിയിരുന്നു. 2014 ജൂലൈ ഒന്നുമുതൽ സെപ്തംബർവരെ പൊതുവിപണിയിൽനിന്നും ശേഖരിച്ച 42ഇനം പച്ചക്കറി സാമ്പിളുകളിൽ 35ഇനങ്ങളുടെ 107 സാമ്പിളുകൾ വിഷരഹിതമായിരുന്നുവെന്നു തെളിഞ്ഞപ്പോൾ പുതിനയില, കറിവേപ്പില, പച്ചമുളക്, പയർ എന്നിവയുടെ ഏഴു സാമ്പിളുകളിൽ അപകടകരമായ രീതിയിൽ വിഷാംശമുള്ളതായി കണ്ടെത്തി. ബജി മുളക്, വെണ്ടക്ക, കാരറ്റ് എന്നിവയുടെ മൂന്നുസാമ്പിളുകളിൽ നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കു താഴെയും വിഷാംശം ഉണ്ടായിരുന്നു. അതേസമയം ഇതേ കാലയളവിൽ ശേഖരിച്ച ജൈവപച്ചക്കറികളിൽ 11 ഇനങ്ങളുടെ 18 സാമ്പിളുകൾ വിഷരഹിതമായിരുന്നുവെന്നു തെളിഞ്ഞപ്പോൾ കാരറ്റ്, ബജി മുളക് എന്നിവയുടെ രണ്ട് സാമ്പിളുകളിൽ നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കു മുകളിലും കാപ്സിക്കത്തിൽ(പച്ച) നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കു താഴെയും വിഷാംശമുള്ളതായി കണ്ടെത്തിരുന്നു. ഓർഗാനിക് കൃഷിവിളകളിൽപോലും കർഷകർ രാസകീടനാശിനികൾ തളിക്കുന്നുവെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നതെന്ന് കാർഷിക സർവകലാശാലയിലെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

2014 ജൂലൈ ഒന്നുമുതൽ സെപ്തംബർ 31വരെ പൊതുവിപണിയിൽനിന്നും ശേഖരിച്ചു പരിശോധന നടത്തിയ 28 വിവിധയിനം മസാല സാമ്പിളുകളിൽ 18ഇനങ്ങളുടെ 85സാമ്പിളുകൾ വിഷരഹിതമായിരുന്നു. അതേസമയം ഏഴിനങ്ങളുടെ(ജീരകപ്പൊടി, എലയ്ക്ക, ജീരകം, പെരുംജീരകം, കാശ്മീരി മുളകുപൊടി, മുളകുപൊടി, കറിമസാല) ഒൻപത് സാമ്പിളുകളിൽ അപകട സാധ്യതയുള്ള അളവിലും മൂന്ന് ഇനങ്ങളുടെ നാല് സാമ്പിളുകളിൽ (ചതച്ചമുളക്, വറ്റൽമുളക്, അച്ചാർപ്പൊടി) നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെയും വിഷാംശം കണ്ടെത്തിയിരുന്നു. ഇതേ കാലയളവിൽ പൊതുവിപണിയിൽനിന്നും ശേഖരിച്ച ആറു വിവിധയിനം ഉണങ്ങിയ പഴവർഗങ്ങളുടെ സാമ്പിളുകളിൽ അഞ്ച് ഇനങ്ങളിൽ പതിനൊന്നു സാമ്പിളുകൾ വിഷരഹിതമായിരുന്നപ്പോൾ മഞ്ഞ ഉണക്കമുന്തിരിയിൽ അപകട സാധ്യതയുള്ള അളവിൽ വിഷാംശം ഉണ്ടായിരുന്നു. ഈ കാലയളവിൽ പൊതുവിപണിയിൽനിന്നും ശേഖരിച്ച

ഭക്ഷ്യവസ്തുക്കളായ അപ്പപ്പൊടി, ഓട്സ്, ചോളം പുട്ടുപൊടി, റവ, പത്തിരിപ്പൊടി എന്നിവയുടെ ഏഴു സാമ്പിളുകൾ പരിശോധിച്ചപ്പോൾ ഇവയിലൊന്നും അപകട സാധ്യതയുള്ള അളവിലോ നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴയോ വിഷാംശമുള്ള ഒരു സാമ്പിൾപോലും ഉണ്ടായിരുന്നില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. അതേസമയം ഇതേ കാലയളവിൽ പൊതുവിപണിയിൽ നിന്നും ശേഖരിച്ച 27ഇനം പഴവർഗങ്ങളുടെ സാമ്പിളുകളിൽ 22ഇനങ്ങളുടെ 37സാമ്പിളുകൾ തീർത്തും വിഷരഹിതമായിരുന്നുവെങ്കിൽ പേരയ്ക്കയിലും മാതളത്തിലും അപകട സാധ്യതയുള്ള അളവിലും ഗ്രീൻ ഗ്രാനി ആപ്പിളിലും വാഷിംഗ്ടൺ ആപ്പിളിലും ചിലി ആപ്പിളിലും നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കു താഴെ വിഷാംശം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഏലയ്ക്കയുടെയും ജീരകത്തിന്റെയും സാമ്പിളുകളിൽ സൈപെർമെത്രിൻ, എത്തയോൺ, ക്ലോർപൈറിഫോസ്, ലാംബ്ഡാ സൈഹാലോത്രിൻ, ക്യുനാൽഫോസ്, പ്രൊഫനോഫോസ് എന്നിവയും കാശ്മീരി മുളകുപൊടി, കറിമസാല, സാധാരണ മുളകുപൊടി, ചതച്ച മുളക് എന്നിവയിൽ എത്തയോൺ, ബൈഫെൻത്രിൻ, ക്ലോർപൈറിഫോസ്, സൈപെർമെത്രിൻ എന്നീ കീടനാശിനികളുടെയും സാനിധ്യമാണു പരിശോധനയിൽ തെളിഞ്ഞത്. യൂറോപ്യൻ യൂണിയൻ നിർദേശിച്ച മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു പരിശോധന. നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നവ ആയതുകൊണ്ടുതന്നെ അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി വിഷാംശം എത്രയെന്നു പരിശോധിക്കാൻ 2013 ജനുവരി മുതലാണ് കാർഷിക സർവകലാശാല നടപടി തുടങ്ങിയത്. കീടനാശിനി നൂറു കോടിയിൽ ഒരംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമറ്റോഗ്രാഫ്, ലിക്വിഡ് ക്രൊമറ്റോഗ്രാഫ്, മാസ്സ് സ്പെക്ട്രോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുള്ള അന്താരാഷ്ട്ര നിലവാരത്തിൽ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ഏക അക്രഡിറ്റഡ് ലാബാണിത്. കഴിഞ്ഞവർഷം ജനുവരി മുതൽ ഇവിടെ പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം ഇരുന്നൂറായി വർധിപ്പിക്കുകയും അതിൽ നൂറു സാമ്പിളുകൾ ജൈവജില്ലയായി പ്രഖ്യാപിച്ച കാസർഗോഡുനിന്നും ബാക്കിയുള്ളവ ഇതര ജില്ലകളിലെ വിവിധ മാർക്കറ്റുകളിൽനിന്നുമാണു ശേഖരിക്കുന്നത്. പച്ചക്കറികൾക്കും പഴവർഗങ്ങൾക്കും പുറമേ വിവിധ ബ്രാൻഡുകളിലായെത്തുന്ന സംസ്കരിച്ച ഭക്ഷ്യവസ്തുക്കളിലും പായ്ക്കറ്റുകളിലെത്തുന്ന സുഗന്ധവ്യഞ്ജനങ്ങളും മസാലപ്പൊടികളും എത്രമാത്രം ഉപയോഗയോഗ്യമാണെന്ന ചോദ്യമാണ് കാർഷിക സർവകലാശാലയുടെ പരിശോധന വിഭാഗം പുറത്തുവിടുന്നത്. ഇക്കാര്യത്തിൽ അല്പമെങ്കിലും ആശ്വസിക്കാനുള്ളത് മഴക്കാലത്തു വിപണിയിലെത്തുന്ന പച്ചക്കറികൾ താരതമ്യേന വിഷരഹിതമായിരിക്കും എന്നുള്ളതാണ്. 2013ൽ കാർഷിക സർവകലാശാല പുറത്തുവിട്ട ആദ്യറിപ്പോർട്ട് അനുസരിച്ചു മഴക്കാലത്തു ശേഖരിച്ച പച്ചക്കറികളിൽ പൊതുവേ അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തിയ ഇനങ്ങളുടെ എണ്ണം ഗണ്യമായി കുറവായിരുന്നു. വേനൽക്കാല പച്ചക്കറികളിൽ (ജനുവരി-മാർച്ച്) പതിനേഴ് ഇനങ്ങളിൽ അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടപ്പോൾ ഏപ്രിൽ-ജൂൺ കാലയളവിൽ പതിനാല് ഇനങ്ങളിലും ജൂലൈ-സെപ്തംബർ കാലയളവിൽ അഞ്ച് ഇനങ്ങളിലും മാത്രമാണ് വിഷാംശം കണ്ടെത്തിയത്.

...........

കേരളത്തിലെ കർഷകരുടെ പച്ചക്കറി ഉത്പന്നങ്ങൾ 95ശതമാനവും "സേഫ് ടു ഈറ്റ്"

കഴിഞ്ഞവർഷം ജനുവരി മുതൽ സെപ്തംബർവരെയുള്ള കാലയളവിൽ കേരളത്തിലെ പച്ചക്കറി കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും നേരിട്ടു ശേഖരിച്ചു പരിശോധിച്ച 83 സാമ്പിളുകളിൽ 79 എണ്ണവും (95ശതമാനം) "സേഫ് ടു ഈറ്റ്" മാനദണ്ഡം പുലർത്തുന്നതായി വെള്ളായണി കാർഷിക സർവകലാശാല പുറത്തുവിട്ട പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു. ജില്ല തിരിച്ചുള്ള കണക്കു നോക്കിയാൽ കാസർഗോഡ് ജില്ലയിലെ കർഷകരിൽനിന്നും നേരിട്ടു ശേഖരിച്ച സാമ്പിളുകളിൽ വിഷാംശം

ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. മറ്റുജില്ലകളിലെ കർഷകരിൽനിന്നും ശേഖരിച്ച സാമ്പിളുകളിലും വിഷാംശം കണ്ടെത്താനായിട്ടില്ല. അതേസമയം തിരുവനന്തപുരം ജില്ലയിൽനിന്നും ശേഖരിച്ച 26പച്ചക്കറി സാമ്പിളുകളിൽ നാലെണ്ണം മാത്രമാണ് "സേഫ് ടു ഈറ്റ്" മാനദണ്ഡം ലംഘിച്ചത്. പടവലം, പയർ എന്നിവയിലാണ് ക്ളോർപൈറിഫോസ് എന്ന കീടനാശിനിയുടെ സാനിധ്യം കണ്ടെത്തിയത്. പരിധി ലംഘിച്ച സാമ്പിളിന്റെ വിവരങ്ങൾ വിപണി അധികൃതരിലൂടെ കർഷകരെ അറിയിക്കുകയും കീടനാശിനി പ്രയോഗത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു ഉപദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൃഷി ഓഫീസറുടെ ശുപാർശ കത്തുമായി എത്തിക്കുന്ന കർഷകരുടെ പച്ചക്കറി സാമ്പിളുകൾ സൗജന്യമായി പരിശോധിച്ചു ഉത്പന്ന പരിശോധനാ സാക്ഷ്യപത്രവും കാർഷിക സർവകലാശാലയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി നൽകിവരുന്നു. ഇതിനായി പരിശോധിക്കേണ്ട പച്ചക്കറികളുടെ ഒരുകിലോ സാമ്പിൾ വീതം പ്ലാസ്റ്റിക് അല്ലാത്ത പായ്ക്കറ്റുകളിലാക്കി ലാബിൽ എത്തിച്ചാൽ മതിയാകും.

## അപകടകരമായ തോതിൽ വിഷാംശമുള്ള പച്ചക്കറികളിൽ നിന്ന് വിഷം എങ്ങനെ നീക്കം ചെയ്യാം?

വെള്ളായണി കാർഷിക സർവ്വകാലാശാല നൽകുന്ന നിർദ്ദേശങ്ങൾ





കോളിഫ്ളവർ, കാബേജ് - കാബേജിന്റെ (വെള്ള, വയലെറ്റ്) ഏറ്റവും പുറമേയുള്ള മൂന്നോ നാലോ ഇതളുകൾ അടർത്തിക്കളഞ്ഞ ശേഷം വെള്ളത്തിൽ പല ആവർത്തി കഴുകുക. കോളിഫ്ളവർ - അടിയിലെ ഇലയും തണ്ടും വേർപെടുത്തിയ ശേഷം ഇതളുകൾ ഓരോന്നായി മുറിച്ച് അടർത്തിയെടുക്കുക. രണ്ടും വിനാഗിരി ലായനിയിലോ (20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ഉപ്പ് ലായനിയിലോ (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) പത്ത് മിനിറ്റ് മുക്കി വെച്ച ശേഷം വെള്ളത്തിൽ പല ആവർത്തി കഴുകുക. സുഷിരങ്ങൾ ഉള്ള പാത്രത്തിൽ വെച്ച് വെള്ളം വാർന്ന് പോയ ശേഷം പ്ലാസ്റ്റിക് കണ്ടെയ്നറിൽ അടച്ച് ഫ്രിഡ്ജിൽ സൂക്ഷിക്കുക.



വെണ്ടയ്ക്ക, വഴുതന, വെള്ളരി, പയർ, പച്ചമുളക്, കാപ്സിക്കം, തക്കാളി- തുണി കഴുകുന്ന ബ്രഷ് അല്ലെങ്കിൽ വളരെ മൃദുവായ സ്ക്രബ് പാഡ് ഉപയോഗിച്ച് മൃദുവായി ഉരസി വെള്ളത്തിൽ പല ആവർത്തി കഴുകുക. വിനാഗിരി ലായനിയിലോ (20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) വാളൻ പുളി ലായനിയിലോ (20 ഗ്രാം വാളൻ പുളി ഒരു ലിറ്റർ വെള്ളത്തിൽ പിഴിഞ്ഞ് അരിച്ച ലായനി അല്ലെങ്കിൽ പാക്കറ്റിൽ കിട്ടുന്ന റ്റാമറിന്റ് പേസ്റ്റ് (Tamarind paste) രണ്ട് ടേബിൾ സ്പൂൺ ഒരു ലിറ്റർ വെള്ളത്തിൽ) പത്ത് മിനിറ്റ് മുക്കിവെച്ച ശേഷം വെള്ളം തുടച്ചിട്ട് ഫ്രിഡ്ജിൽ സൂക്ഷിക്കുക. പയർ - മൃദുവായ സ്ക്രബ്ബർ ഉപയോഗിച്ച് സൂക്ഷിച്ച് ഉരസി കഴുകുക.



ചുവപ്പ് ചീര, പച്ച (വെള്ള) ചീര, സെലറി, മല്ലിയില , കറിവേപ്പില, പുതിനഇല - തണ്ടിന്റെ ചുവടുഭാഗം വേരോടെ മുറിച്ചുകളഞ്ഞ ശേഷം വിനാഗിരി ലായനിയിലോ (20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) വാളൻ പുളി ലായനിയിലോ (20 ഗ്രാം വാളൻ പുളി ഒരു ലിറ്റർ വെള്ളത്തിൽ പിഴിഞ്ഞ് അരിച്ച ലായനി അല്ലെങ്കിൽ പാക്കറ്റിൽ കിട്ടുന്ന റ്റാമറിന്റ് പേസ്റ്റ് (Tamarind paste) രണ്ട് ടേബിൾ സ്പൂൺ ഒരു ലിറ്റർ വെള്ളത്തിൽ) പത്ത് മിനിറ്റ് മുക്കിവെച്ചശേഷം വെള്ളത്തിൽ പല ആവർത്തി കഴുകുക. ശേഷം വെള്ളം തുടച്ചിട്ട് ഫ്രിഡ്ജിൽ സൂക്ഷിക്കുക.



കാരറ്റ്, മുരിങ്ങയ്ക്ക, റാഡിഷ് (വെള്ള), ഇഞ്ചി - പല ആവർത്തി വെള്ളത്തിൽ കഴുകിയ ശേഷം വെള്ളം വാർന്ന് പോകാൻ സുഷിരങ്ങൾ ഉള്ള പാത്രത്തിൽ ഒരു രാത്രി വെച്ച ശേഷം കോട്ടൺ തുണി ഉപയോഗിച്ച് വെള്ളം തുടച്ചിട്ട് ഇഴയകന്ന കോട്ടൺ തുണിയിൽ പൊതിഞ്ഞ് ഫ്രിഡ്ജിൽ സൂക്ഷിക്കുക. ഉപയോഗത്തിന് തൊട്ടുമുൻപ് തൊലി ചുരണ്ടിക്കളഞ്ഞ്, ഒരിക്കൽ കൂടി കഴുകിയിട്ട് പാചകം ചെയ്യുക.

കടപ്പാട് – ഡോ. തോമസ് ബിജു മാത്യു (പ്രൊഫസർ), കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി, കാർഷിക കോളജ്, വെള്ളായണി, തിരുവനന്തപുരം. ഇ മെയിൽ – biju.mathew@kau.in

വേണ്ടത് മികച്ച സാങ്കേതിക പരിശോധനാ സൗകര്യങ്ങൾ

മതിയായ നിരീക്ഷണ സംവിധാനത്തിന്റെ അഭാവവും സാങ്കേതിക പരിശോധനയിൽ വരുത്തുന്ന വീഴ്ചയുമാണ് മായം കലർന്ന ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്തെ വിപണയിലെത്തുന്നതിന്റെ പ്രധാന കാരണം. അയൽസംസ്ഥാനങ്ങളിൽനിന്നെത്തുന്ന കാർഷിക വിളകളുടെ രാസസാന്നിധ്യം പരിശോധിക്കാൻ നിലവിൽ വെള്ളായണി കാർഷിക കോളേജിൽ മാത്രമാണ് ലബോറട്ടറി സംവിധാനമുള്ളത്. ഇവിടത്തെ പെസ്റ്റിസൈഡ് റെസിഡ്യൂ ലാബിലാണെങ്കിൽ മതിയായ ഉപകരണങ്ങളുടെ അപര്യാപ്തതയും പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ അഭാവവുംമൂലം പരിശോധനകൾ വൈകുന്നതായി ലാബ് മേധാവിയായ ഡോ.എസ്.നസീമാബീവി പറയുന്നു. സംസ്ഥാനത്തു ആവശ്യമായ ലാബുകൾ സ്ഥാപിക്കുക മാത്രമാണ് ഇതിനു പോംവഴി. കാർഷിക സർവകലാശാലക്കു കീഴിൽ തൃശൂരും കാസർകോടും കൃഷിവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്തും സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ തിരുവനന്തപുരം വഴുതക്കാടും ഓരോ ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചത് ശുഭസൂചനയാണ്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടുമുള്ള റീജ്യണൽ അനലറ്റിക്കൽ ലാബുകളിൽ കാർഷികവിളകളുടെ പരിശോധന നടത്തുന്നതിനും സംവിധാനം ഒരുക്കാൻ ആലോചിക്കുന്നുണ്ട്. ഇവിടേക്കുവേണ്ട അനലിസ്റ്റുകൾക്കുള്ള പരിശീലനം കാർഷിക സർവകലാശാല മുൻകൈയെടുത്താണ് നടത്തിവരുന്നത്. റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൂടിയായ കാർഷിക സർവകലാശാലയുടെ സ്വന്തം പ്രോജക്ടുകൾക്കുപുറമേയാണ് പുറത്തുനിന്നുള്ള സാമ്പിളുകൾ പരിശോധിക്കുന്നത്. ഈ സാഹചര്യത്തിൽ പല സാമ്പിളുകളുടെയും ഫലം കൃത്യസമയത്തു നൽകാനാകുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും പുറമേനിന്നു സാമ്പിളുകൾ സ്വീകരിക്കാൻ കഴിയാതെയും വരുന്നു. സർവകലാശാലയുടെ പ്രവർത്തനത്തിനു മതിയായ ഫണ്ട് സർക്കാരിൽനിന്നു ലഭിക്കാറില്ല. ഈ സാഹചര്യത്തിൽ പരിശോധനക്കെത്തുന്നവരിൽനിന്നു പരിശോധനാ സ്വഭാവം അനുസരിച്ചു രണ്ടായിരം മുതൽ എണ്ണായിരം രൂപവരെ ഫീസ് ഈടാക്കുന്നുണ്ട്. ഇതു കേന്ദ്രസർക്കാർ നിശ്ചയിച്ച മാനദണ്ഡപ്രകാരമാണ്. മണിക്കൂറുകളും ദിവസങ്ങളും നീണ്ട നിരീക്ഷണത്തിലൂടെയാണ് ഓരോ സാമ്പിളുകളും പരിശോധിക്കപ്പെടുന്നത്. അതേസമയം സംസ്ഥാനത്തു ഉത്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ഉദ്ദേശിച്ചരീതിയിലുള്ള മാരക കീടനാശിനി സാനിധ്യമില്ലെന്നാണ് പരിശോധനയിൽ തെളിഞ്ഞിട്ടുള്ളതെന്നും ഡോ.നസീമാബീവി പറയുന്നു. വൻതോതിൽ മായം ചേർത്ത സുഗന്ധവ്യഞ്ജനങ്ങളാണ് കേരളത്തിൽ വിറ്റഴിക്കപ്പെടുന്നത്. ഇവിടെ പരിശോധിച്ച ഏലക്കയുടെ സാമ്പിളിൽ മൂന്നുമുതൽ പന്ത്രണ്ടുവരെ വ്യത്യസ്തമായ രാസകീടനാശിനികൾ കലർന്നിരുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. അതേസമയം കൃഷിവകുപ്പിന്റെയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും യോജിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഭക്ഷ്യസുരക്ഷ പൂർണമായ അർഥത്തിൽ നടപ്പിലാക്കാൻ കഴിയുകയുള്ളൂവെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നു ഇറക്കുമതി ചെയ്യപ്പെടുന്ന കാർഷികവിളകളുടെ സാമ്പിളുകൾ കൃത്യമായി പരിശോധനക്കെത്തിക്കുന്ന എത്ര കൃഷിവകുപ്പ് ഉദ്യോഗസ്ഥർ സംസ്ഥാനത്തുണ്ടെന്നു കാർഷിക സർവകലാശാലയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ഡോ.എസ്.മോത്തിലാൽ നെഹ്രു ചോദിക്കുന്നു. ഇവിടെ തീർച്ചയായും മാറേണ്ടത് ഉദ്യോഗസ്ഥരുടെ മനോഭാവമാണ്. ജൈവകൃഷി എന്നു പറയുമ്പോൾപോലും അതു പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന എത്രപേർ കേരളത്തിലുണ്ട്. ജൈവകൃഷി എന്നപേരിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികവിളകളിൽപോലും വിപണിയിൽ ലഭ്യമായ കീടനാശിനികൾ തളിക്കുന്ന കർഷകരാണു ഇവിടെയുള്ളതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

ആരോഗ്യദായകമായ ഭക്ഷണം ഓരോ മനുഷ്യന്റെയും അവകാശമാണ്. ആരോഗ്യകരമായ ജീവിതം നയിക്കാൻ പര്യാപ്തമായ പോഷകസമൃദ്ധമായ ഭക്ഷണം എല്ലാവിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 2011ൽ ഭക്ഷ്യസുരക്ഷാനിയമം ഇന്ത്യയിൽ നിലവിൽ വന്നത്. ഇതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ കമ്മീഷനു സിവിൽകോടതിയുടെ അധികാരമാണുള്ളത്. അപ്പീലുമായി ബന്ധപ്പെട്ട വ്യക്തികളെ വിളിച്ചുവരുത്തി മൊഴിയെടുക്കാനും രേഖകൾ പരിശോധിക്കാനും പിഴ ഈടാക്കാനുമുള്ള അധികാരം കമ്മീഷണു ഭരണഘടന ഉറപ്പുനൽകുന്നു. പരാതി ലഭിച്ചില്ലെങ്കിൽപോലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ കമ്മീഷനു സ്വമേധയാ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ കഴിയും. ഭക്ഷ്യസുരക്ഷാ പദ്ധതി നടത്തിപ്പിൽ സംസ്ഥാന സർക്കാരിനും ബന്ധപ്പെട്ട വകുപ്പുകൾക്കും സന്നദ്ധ സംഘടനകൾക്കും ഉപദേശവും മാർഗനിർദേശവും നൽകാനുള്ള ചുമതലയും ഭക്ഷ്യസുരക്ഷാ കമ്മീഷനുണ്ട്. കേരളത്തിൽ നിലവിലുള്ള ഭക്ഷ്യസുരക്ഷാ സാഹചര്യങ്ങളെക്കുറിച്ചും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ഭക്ഷ്യസുരക്ഷാ കമ്മീഷണർ ടി.വി.അനുപമ ഐ.എ.എസ് സംസാരിക്കുന്നു.

നല്ലൊരു ശതമാനം ജനങ്ങളും പ്രത്യേകിച്ചു നഗരമേഖലകളിൽ അധിവസിക്കുന്നവർ ഏറെയും പുറമേ നിന്നു ഭക്ഷണം കഴിക്കുന്നവരാണ്. ഈ സാഹചര്യത്തിൽ പുറത്തുനിന്നു ഭക്ഷണം കഴിക്കുന്നവർക്കു ഭക്ഷ്യസുരക്ഷാ വിഭാഗം നൽകുന്ന മുന്നറിയിപ്പുകളും നിർദേശങ്ങളും എന്തൊക്കെയാണ്?

രണ്ടുതരത്തിലുള്ള ഭക്ഷ്യവ്യാപാര കേന്ദ്രങ്ങളാണു നമുക്കുള്ളത്. ഒന്നു ഹോട്ടലുകളും ബേക്കറികളും പോലെ ശുചിത്വത്തിനു ഏറ്റവും പ്രാധാന്യമുള്ള, ഭക്ഷണം നേരിട്ടു വിൽക്കുന്ന സ്ഥലങ്ങളും മറ്റൊന്നു ഫുഡ് പ്രൊഡക്ഷൻ സെന്ററുകളും പായ്ക്കിങ് യൂണിറ്റുകളും. ബേക്കറി, ഹോട്ടൽ പോലുള്ള സ്ഥലങ്ങളിൽ ചെല്ലുമ്പോൾ ആദ്യം നോക്കേണ്ടത് അവിടത്തെ പരിസര ശുചിത്വത്തെ കുറിച്ചാണ്. ഇവയുടെ പ്രവർത്തനത്തിനു നിരവധി മാർഗനിർദേശങ്ങൾ ഭക്ഷ്യസുരക്ഷാ വിഭാഗം പുറപ്പെടുവിച്ചിട്ടുണ്ട്. ഉദാഹരണത്തിനു അവിടത്തെ ഫർണിച്ചറുകളും പാത്രങ്ങൾ വൃത്തിയുള്ളതായിരിക്കണം, ജോലിക്കാരുടെ കൈകൾ, അവരുടെ വസ്ത്രരീതി ഇതൊക്കെ പ്രധാനമാണ്. സ്ഥാപനം ഫുഡ് സേഫ്ടി ലൈസൻസ് എടുത്തിട്ടുണ്ടോ, ടോൾ ഫ്രീ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നുള്ളകാര്യങ്ങളും പരിശോധിക്കണം. ഇതൊക്കെ ജനങ്ങൾക്കു എളുപ്പത്തിൽ ശ്രദ്ധിക്കാവുന്നതേയുള്ളൂ. ഇതിൽ എന്തെങ്കിലും ലംഘനമുണ്ടെങ്കിൽ തീർച്ചയായും ജനങ്ങൾ അതു റിപ്പോർട്ട് ചെയ്യണം. പിന്നെ, ഭക്ഷണത്തിന്റെ ടേസ്റ്റിലുള്ള വ്യത്യാസം, കാലപഴക്കം, വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം വിളമ്പുന്നത് എന്നിവയും ശ്രദ്ധിക്കേണ്ടതാണ്. നിർഭാഗ്യവശാൽ ഇത്തരം കാര്യങ്ങളെക്കുറിച്ചു പരാതിപ്പെടാൻ പലപ്പോഴും ആരും തയ്യാറാകുന്നില്ല. ഹോട്ടലിൽ കഴിക്കാൻ കയറുന്നവർ ഇത്തരം കാര്യങ്ങൾ ഗൗരവമായി കാണാറില്ല. അവരെ ബാധിക്കുന്ന ഏതെങ്കിലും സാഹചര്യത്തിൽ മാത്രമാണ് പരാതിപ്പെടാറുള്ളത്. ഇക്കാര്യത്തിൽ ജനങ്ങൾക്കു ബോധവത്കരണം ആവശ്യമാണ്. മറ്റൊരുകാര്യം ഷോപ്പുകളിൽനിന്നു വാങ്ങുന്ന പായ്ക്കറ്റ് ഭക്ഷണങ്ങളെ കുറിച്ചാണ്. ഷോപ്പിംഗ് സമയത്ത് എക്സ്പയറി ഡേറ്റ് കഴിഞ്ഞ പാക്ക്ഡ് ഫുഡ് കാണുകയാണെങ്കിൽ സാധാരണഗതിയിൽ നമ്മൾ അതെടുത്തു മാറ്റിവയ്ക്കും. എന്നാൽ ഇക്കാര്യം ഷോപ്പിൽ അലർട്ടു ചെയ്യാൻപോലും നമ്മൾ തയ്യാറാകുന്നില്ല. ഡേറ്റ് കഴിഞ്ഞതാണെങ്കിൽ അതു വാങ്ങാതിരിക്കുക മാത്രമേ നമ്മൾ ചെയ്യുന്നുള്ളൂ. പക്ഷേ അതല്ല വേണ്ടത്. ഇത്തരം സാധനങ്ങൾ വിൽക്കുന്നതു ഒരു കുറ്റമാണ്. ഇക്കാര്യം ജനങ്ങൾ ശ്രദ്ധിക്കുന്നില്ല. പിന്നെ, പായ്ക്കറ്റുകളിലെ ലേബൽ കണ്ടന്റ്. അതും പ്രധാനമാണ്. മാനുഫാക്ചറിംഗ് ഡേറ്റ്, പായ്ക്കിങ് ഡേറ്റ്, അതിൽ ഉപയോഗിച്ചിരിക്കുന്ന ഇൻഗ്രേഡിയന്റ്സ്, മാനുഫാക്ചറുടെ പേര്, പായ്ക്കിങ് യൂനിറ്റിന്റെ പേര്, അഡ്രസ് ഇതെല്ലാം ആ പായ്ക്കറ്റിന്റെ പുറത്തു നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. ഇതൊന്നും പരിശോധിക്കാൻ നമ്മൾ പലപ്പോഴും പോകാറില്ല. ഇത്തരം കാര്യങ്ങളിൽ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിക്കാൻ തയ്യാറാകണം.

ഭക്ഷണകാര്യത്തിൽ ജനങ്ങളെ ബോധവത്കരിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളത്?

കഴിഞ്ഞ രണ്ടുമാസത്തിനിടെ രണ്ടു ക്യാംപയ്നുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിച്ചിരുന്നു. പച്ചക്കറികളിലെ വിഷാംശത്തെക്കുറിച്ചു ജനങ്ങളിൽ വൻതോതിൽ ഉത്കണ്ഠയുണ്ടായപ്പോൾ പത്രങ്ങളിലെല്ലാം ബോധവത്കരണ സന്ദേശം പ്രസിദ്ധീകരിച്ചിരുന്നു. പച്ചക്കറികളിലെ വിഷാംശം പരിശോധിക്കണമെങ്കിൽ അഞ്ചുദിവസത്തെ പരിശോധന ആവശ്യമാണ്. മറ്റേതൊരു ഭക്ഷ്യവസ്തു ആയാലും തട

ഞ്ഞുവെച്ച് പരിശോധനക്കുശേഷം വിട്ടാൽ മതി. പക്ഷേ പച്ചക്കറികൾ പെട്ടെന്നു നശിക്കുന്നതായതിനാൽ തടയാൻ പറ്റാത്ത സാഹചര്യത്തിൽ മാർക്കറ്റിൽനിന്നു വാങ്ങുന്ന പച്ചക്കറികൾ വിവിധ ലായനികൾ ഉപയോഗിച്ചു അവ നല്ലരീതിയിൽ കഴുകാൻ നിർദേശം നൽകിയിരുന്നു. കൂടാതെ കഴിഞ്ഞ ഒരുമാസമായി കേരളത്തിലെ എല്ലാ പ്രധാന എഫ്.എമ്മുകളിലും റേഡിയോ ക്യാംപയ്ൻ ചെയ്യുന്നുണ്ട്. ഇതിൽ പൊതുജനങ്ങൾക്കുള്ളതും വ്യാപാരികൾക്കുള്ളതുമായ സന്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാവർഷവും ഈ രീതി തുടരും. കഴിഞ്ഞവർഷം മുതൽ സ്കൂൾ കുട്ടികൾക്കു ഭക്ഷ്യശീലങ്ങൾ പകർന്നു നൽകുന്നതിന്റെ ഭാഗമായി പുതിയൊരു ബോധവത്കരണ പരിപാടി ആരംഭിച്ചിട്ടുണ്ട്. തുടക്കം എന്ന നിലയിൽ ഒരു ജില്ലയിലെ പത്തു സർക്കാർ സ്കൂളുകളിൽനിന്നായി ഒൻപത്, പത്ത് ക്ലാസുകളിലെ പത്തു കുട്ടികളെ വീതം തെരഞ്ഞെടുത്ത് പരിശീലനം നൽകിയിരുന്നു. അതു മികച്ചരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പരാതികൾ അറിയിക്കുന്നതിനായി ഭക്ഷ്യസുരക്ഷാവിഭാഗം ഏർപ്പെടുത്തിയിട്ടുള്ള ടോൾ ഫ്രീ നമ്പറിനോടുള്ള ജനങ്ങളുടെ സമീപനം എങ്ങനെയാണ്?

ഒരുദിവസം ശരാശരി 25മുതൽ 40വരെ ഫോൺകോളുകൾ നമുക്ക് ലഭിക്കുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാലും ഒരു ചെറിയശതമാനം ആളുകൾ മാത്രമാണു പ്രതികരിക്കുന്നത്. അതേസമയം പേഴ്സണൽ റിവഞ്ച് അടക്കമുള്ള കാരണങ്ങളാൽ മുപ്പതുശതമാനം ഫേക്ക് കോളുകളും വരുന്നുണ്ട്. ഒരു കോൾ ലഭിച്ചുകഴിഞ്ഞു സ്ക്വാഡ് പരിശോധനക്കു ചെല്ലുമ്പോൾ ഭക്ഷ്യവസ്തുവിന്റെ സാമ്പിളോ ബില്ലോ ഒന്നും അവരുടെ കൈയ്യിൽ ഉണ്ടാകാറില്ല. ഇതാണ് ഒരുപ്രശ്നം. അതേസമയം പഴകിയതോ കാലാവധി കഴിഞ്ഞതോ ആയ ഭക്ഷ്യപദാർഥങ്ങൾ ലഭിച്ചുകഴിഞ്ഞാൽ ഭൂരിഭാഗവും അതു സീരിയസായി തന്നെ അറിയിക്കാറുണ്ട്. പൊതുവേ ജനങ്ങളുടെ ഒരുവിചാരം ഹോട്ടലുകൾ റെയ്ഡു നടത്തുക എന്നതാണ് ഫുഡ് സേഫ്ടി വിഭാഗത്തിന്റെ ജോലി എന്നത്. 2011ൽ മാത്രമാണ് ഫുഡ് സേഫ്ടി ആക്ട് നിലവിൽവന്നത്. ഇതിനുമുമ്പുവരെ ഫുഡ് സേഫ്ടി ലൈസൻസ് എന്നൊരു സങ്കൽപം തന്നെ ഉണ്ടായിരുന്നില്ല. ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദേശപ്രകാരം ഞങ്ങൾ ചെയ്യേണ്ടത് ഫുഡ് ബിസിനസ് ഓപ്പറേറ്റർക്കുവേണ്ടുന്ന നിർദേശങ്ങൾ നൽകി അവരെ പഴയ രീതിയിൽനിന്നും പുതിയ സമ്പ്രദായത്തിലേക്കു മാറ്റുകയെന്നതാണ്. റെയ്ഡ് എന്നതിനെക്കാൾ കൂടുതൽ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുക എന്നരീതിയാണ് ഞങ്ങൾ പിന്തുടരുന്നത്. പക്ഷേ എങ്കിൽപോലും കേരളത്തിലെ ജനങ്ങൾ കുറച്ചുകൂടി ബോധവാൻമാരാണ്. ഇതിനകം നിരവധി ക്യാംപയ്നുകൾ ജനങ്ങൾക്കുവേണ്ടിയും ഭക്ഷ്യവ്യാപാരികൾക്കുവേണ്ടിയും സംഘടിപ്പിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഇപ്പോൾ കുറച്ചുകൂടി കർശന നടപടികളിലേക്കു പോകാറുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വലംഘനം കണ്ടാൽ നിലവാരം ഉയർത്തുന്നതിനു നോട്ടീസ് നൽകും. ഗൗരവതരമായ ലംഘനമാണെങ്കിൽ പിഴ ഈടാക്കും. അത്തരം പ്രശ്നങ്ങൾ ജില്ലാതലത്തിൽ സബ്കളക്ടർ അല്ലെങ്കിൽ ആർ.ഡി.ഒയുടെ കീഴിൽ കേസ് ഫയൽ ചെയ്യും. ജീവനുതന്നെ ഭീഷണിയുണ്ടായേക്കാവുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഭക്ഷണങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ ഫുഡ് സേഫ്ടി കമ്മീഷണർ നേരിട്ടാണു കൈകാര്യം ചെയ്യുന്നത്. ചില സ്ഥലങ്ങളിലെ തട്ടുകടകളുടെ ശുചിത്വമില്ലായ്മയെക്കുറിച്ചും പരാതി ലഭിക്കുന്നുണ്ട്. പക്ഷേ അവയിലെ ഭക്ഷണങ്ങളെക്കുറിച്ചു ഇതുവരെയും പരാതി ഉണ്ടായിട്ടില്ല. ശുചിത്വമില്ലായ്മയെക്കുറിച്ചു ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ചിലർക്കു ഫൈൻ അടക്കേണ്ടി വന്നിട്ടുണ്ട്. തട്ടുകടകൾക്കുമാത്രമായി ഭക്ഷ്യസുരക്ഷാ വിഭാഗം സംഘടിപ്പിച്ചിരുന്ന ബോധവത്കരണ ക്യാംപയ്ൻ വൻ വിജയമായിരുന്നു. അവർക്കുവേണ്ടി പുതിയൊരു പ്രോജക്ടും പരിഗണനയിലാണ്.

മലയാളികൾ കൂടുതലും ഭക്ഷണത്തിനായി ആശ്രയിക്കുന്ന ഒന്നാണ് അരി. അരിയിൽ പ്ലാസ്റ്റിക് കലർത്തി വിൽപന നടത്തുന്നതായി അടുത്തിടെ റിപ്പോർട്ട് വന്നിരുന്നല്ലോ. ഇതു എങ്ങനെയാണു ഭക്ഷ്യസുരക്ഷാവിഭാഗം കൈകാര്യം ചെയ്തത്?

പരാതിക്കു ആധാരമായ അരിയും മറ്റു അരിയുടെ സാമ്പിളുകളും ഫുഡ് സേഫ്ടി ലാബുകളിൽ പരിശോധിച്ചിരുന്നു. അതിലൊന്നും പ്ലാസ്റ്റിക് കണ്ടന്റ് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അരി തിളപ്പിക്കുമ്പോൾ ഉണ്ടാകുന്ന പാട ഹൈഡ്രോ കാർബൺ ആണ്. അതിലെ സ്റ്റാർച്ചിന്റെ കണ്ടന്റ് അനുസരിച്ചു കത്തിപ്പിടിക്കുന്ന രീതിയിൽ വ്യത്യാസമുണ്ടാകും. അരി തിളച്ചുവീഴുന്ന സമയത്തുണ്ടാകുന്ന പാട തീയിൽവീഴുമ്പോൾ അതു കത്തുന്നതു കാണാം. ഇക്കാര്യം എന്തുകൊണ്ട് ആരും നിരീക്ഷിച്ചിട്ടില്ല? വാർത്ത കേട്ടപ്പോൾ പെട്ടെന്നു ജനങ്ങൾ പരിഭ്രാന്തരായതാണ്. വാർത്തകൾ പുറത്തുവന്നതിനു പിന്നാലെ ആക്ഷേപത്തിനു ആധാരമായതിന്റെ ഉൾപ്പടെ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽനിന്നായി ഇരുപത്തിയഞ്ചോളം സാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്തിയിരുന്നു. അതിലൊന്നും തന്നെ പ്ലാസ്റ്റിക് കണ്ടന്റ് കണ്ടെ

ത്താൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും സാമ്പിൾസ് എടുത്തു പരിശോധിച്ചുവരികയാണ്. ഇതുവരെ പരാതി കിട്ടിയ ഒരു സാമ്പിളിൽപോലും പ്ലാസ്റ്റിക് ഉണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ ജനങ്ങൾ ഭയക്കേണ്ട കാര്യമില്ലെന്നാണു ഞങ്ങൾക്കു പറയാനുള്ളത്.

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനു ഏറ്റവും പ്രധാനമാണ് ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധന. കേരളത്തിൽ ഫുഡ് സേഫ്ടി വകുപ്പിനു കീഴിലുള്ള ലാബുകൾ എത്രത്തോളം പ്രവർത്തനസജ്ജമാണ്?
കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി കേരളത്തിൽ മൂന്നു റീജ്യണൽ ലാബുകളാണുള്ളത്. പിന്നെ പത്തനംതിട്ടയിൽ ഒരു ഡിസ്ട്രിക്ട് ലാബുണ്ട്. ഇവിടെ ഫുഡ് അനലിസ്റ്റ് ഇല്ലാത്തതുകൊണ്ട് നിയമപ്രകാരമുള്ള സാമ്പിളുകൾ ഇവിടെ പരിശോധിക്കാനാകില്ല. കൂടാതെ ശബരിമലക്കുവേണ്ടി മാത്രമായി ഒരു ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിക്കുന്നുണ്ട്. സീസൺ സമയത്തും മാസപൂജയുടെ സമയത്തുമൊക്കെ ഈ ലാബ് പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട ലാബ് റീജ്യണൽ ലാബായി ഉയർത്തണമെന്നും പാലക്കാട് പുതിയൊരു ലാബ് ആരംഭിക്കണമെന്നും ആവശ്യപ്പെട്ടു കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ട്. പക്ഷേ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല. ഭാവിയിൽ എല്ലാജില്ലകളിലും ഫുഡ് സേഫ്ടി ലാബുകൾ ആരംഭിക്കണമെന്നുതന്നെയാണ് വകുപ്പും ആഗ്രഹിക്കുന്നത്. പരിശോധനക്കുള്ള ഉപകരണങ്ങൾക്കടക്കം ഒരുകോടിയിലേറെയാണ് വിലവരുന്നത്. മികച്ച യോഗ്യതയുള്ള അനലിസ്റ്റുകളടക്കം നാൽപതോളം ജീവനക്കാർ ഓരോ ലാബുകളിലും ആവശ്യമാണ്. അതുകൊണ്ടുതന്നെ ഇതിനു കുറച്ചു സമയമെടുത്തേക്കാം.

വേനൽക്കാലമാണ് വരുന്നത്. പാതയോരങ്ങളിൽ വിൽപനക്കു വച്ചിരിക്കുന്ന വിവിധതരം സർബത്തുകളും ജ്യൂസുകളും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയേറെയാണ്. ഈ സാഹചര്യത്തെ എങ്ങനെ പ്രതിരോധിക്കാനാണു ഭക്ഷ്യസുരക്ഷാ വിഭാഗം ഉദ്ദേശിക്കുന്നത്?
വേനൽക്കാലത്ത് ജലജന്യരോഗങ്ങൾ കൂടുതലായി ഉണ്ടാകുന്ന സമയമാണ്. കഴിയുന്നതും യാത്ര ചെയ്യുമ്പോൾ ശുദ്ധമായ കുടിവെള്ളം കൂടെ കരുതണം എന്നാണ് ആദ്യമായി എനിക്കു പറയാനുള്ളത്. ഗുണനിലവാരമില്ലാത്ത ഐസും വെള്ളവും പഴങ്ങളും കാലാവധി കഴിഞ്ഞ പാലും ഉപയോഗിച്ചു ജ്യൂസ് ഉണ്ടാക്കി വിൽക്കുന്നത് ഭക്ഷ്യവിഷബാധയടക്കമുള്ള ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകും. ഈ സാഹചര്യത്തിൽ എല്ലാ ജ്യൂസ് പാർലറുകൾക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ജ്യൂസിനായി ഉപയോഗിക്കുന്ന എല്ലാ ഭക്ഷ്യഉത്പന്നങ്ങളും അംഗീകൃത ലേബൽ ഉള്ളതായിരിക്കണം. ജ്യൂസ് ഉത്പാദിപ്പിക്കുന്നതിനുള്ള ജലം ശുദ്ധമായ സ്രോതസ്സിൽനിന്നായിരിക്കണം ശേഖരിക്കേണ്ടത്. ജ്യൂസിനുള്ള ഐസ് സൂക്ഷിക്കാൻ തെർമോകോൾ ഉപയോഗിക്കരുത്. ഗുണമേ യുള്ള പഴങ്ങളായിരിക്കണം ഉപയോഗിക്കേണ്ടത്. ജ്യൂസ് പാർലറുകളിൽ ജോലിക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരിക്കണമെന്നതാണ് മറ്റൊരു നിർദേശം. ജ്യൂസ് ഉണ്ടാക്കുന്ന സ്ഥലം സ്റ്റെയിൻലെസ് സ്റ്റീൽ, മാർബിൾ തുടങ്ങിയ ജലം ആഗിരണം ചെയ്യാത്ത വസ്തുക്കൾ ഉപയോഗിച്ചു നിർമിച്ചതായിരിക്കണമെന്നും റഫ്രിജറേറ്റർ, ഫ്രീസർ എന്നിവ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കണമെന്നും ജ്യൂസ് ഉണ്ടാക്കാനുപയോഗിക്കുന്ന ഉപകരണങ്ങളും കടയുടെ പരിസരവും വൃത്തിയായിരിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

ചെറുകിട ഹോട്ടലുകളിലും ജ്യൂസ് പാർലറുകളിലും ഉപയോഗിക്കുന്ന ഐസ് എത്രമാത്രം ഗുണനിലവാരമുള്ളതാണ്?
വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഐസ് പലപ്പോഴും ആഹാര വസ്തുക്കളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻഡസ്ട്രിയൽ പർപ്പസിനായി വൻതോതിൽ ഉത്പാദിപ്പിക്കുന്ന ഐസിനു വില വളരെ കുറവായതിനാലാണു ജ്യൂസ് പാർലറുകളിലടക്കമുള്ള വ്യാപാരികൾ ഇതുപയോഗിക്കുന്നത്. വടക്കൻ കേരളത്തിലാണ് ഇത്തരം ഐസ് വ്യാപകമായി ഉപയോഗിക്കുന്നത്. ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാവകുപ്പും ആരോഗ്യവകുപ്പും ബോധവത്കരണ പ്രവർത്തനം നടത്തിവരുന്നു. വ്യാവസായിക ആവശ്യത്തിനു ഉത്പാദിപ്പിക്കുന്ന ഐസ് ആഹാര ആവശ്യങ്ങൾക്കായി വിൽക്കുന്ന ഫാക്ടറികളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതു സംബന്ധിച്ചു സർക്കാർ തലത്തിൽ ചർച്ച നടക്കുകയാണ്. മലപ്പുറം ജില്ലയിൽ ഇതുമായി ബന്ധപ്പെട്ടു ആരോഗ്യവകുപ്പ് നടത്തിയ ബോധവത്കരണം നടത്തിയതിന്റെ ഭാഗമായി വ്യാപാരികൾക്കിടയിൽ നല്ലരീതിയിൽ മാറ്റം വന്നിട്ടുണ്ട്.

കുടിവെള്ള വിപണി കേരളത്തിൽ കൂണുപോലെ തഴച്ചുവളരുകയാണ്. ടാങ്കർ ലോറികളിൽ എത്തിക്കുന്ന കുടിവെള്ളം എത്രത്തോളം ഗുണനിലവാരമുള്ളതാണ്. ഏതൊക്കെ രീതിയിൽ ഇതുപരിശോധിക്കപ്പെടു

ന്നുണ്ട്?
കുടിവെള്ളം ആഹാരത്തിന്റെ നിർവചനത്തിൽ ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ടാങ്കർ ലോറികളിലും മറ്റുവാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്ടി ലൈസൻസ് എടുത്തിരിക്കണമെന്നു കർശന നിർദേശം നൽകിയിട്ടുണ്ട്. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ഡ്രിങ്കിംഗ് വാട്ടർ (കുടിവെള്ളം) എന്നു പ്രദർശിപ്പിച്ചിരിക്കണം. അതേസമയം മറ്റു ആവശ്യങ്ങൾക്കുപയോഗിക്കുന്ന വെള്ളമാണെങ്കിൽ നോട്ട് ഫോർ ഡ്രിങ്കിംഗ് പർപ്പസ് എന്നും വ്യക്തമായി എഴുതിയിരിക്കണം. അല്ലാത്ത പക്ഷം കുടിവെള്ളമായി പരിഗണിച്ചു നിയമ നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റുവാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും ഭക്ഷ്യസുരക്ഷാ ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തണം. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിൻ കോട്ടിംഗോ മറ്റു അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ഈ കോട്ടിംഗ് നടത്താതെ കുടിവെള്ളം വിതരണം ചെയ്യുന്നതു നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്. കുടിവെള്ള സ്രോതസ്സുകളിലെ ജലം ആറുമാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ എൻ.എ.ബി.എൽ അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ചു ശുദ്ധമാണെന്നു ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റുവാഹനങ്ങളിലെ ടാങ്കുകളിലും ഫുഡ് സേഫ്ടി ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ രേഖകൾ സൂക്ഷിക്കാതെ കുടിവെള്ളം വിതരണം നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുത്തു പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും നിർദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ടാങ്കർ ലോറികളിൽനിന്നും കുടിവെള്ളം വാങ്ങുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ആശുപത്രികൾ എന്നിവ കുടിവെള്ളം എത്തിക്കുന്നവരുടെ ലൈസൻസ് വിവരങ്ങൾ, കുടിവെള്ള സ്രോതസ്സിന്റെ പരിശോധനാ റിപ്പോർട്ട്, വെള്ളത്തിന്റെ കൃത്യമായ അളവ് എന്നിവയും സൂക്ഷിച്ചിരിക്കേണ്ടതാണ്.

തമിഴ്നാട്ടിൽനിന്നു നിരവധി ബ്രാൻഡുകളിൽ പാൽ കേരളത്തിലെത്തുന്നുണ്ട്. മായം ചേർത്ത പായ്ക്കറ്റ് പാലുകളുടെ വിൽപന കേരളത്തിൽ സജീവമാണെന്നും റിപ്പോർട്ടുണ്ടല്ലോ?
കഴിഞ്ഞ ഒരുവർഷത്തിനിടെ മുന്നൂറോളം പാലിന്റെ സാമ്പിളുകൾ ശേഖരിച്ചിരുന്നു. കൂടാതെ ഓണക്കാലത്തു വിവിധ ചെക്പോസ്റ്റുകളിൽനിന്നുമാത്രം ഇരുന്നൂറോളം സാമ്പിളുകൾ എടുത്തിരുന്നു. പക്ഷേ ഒന്നിലും സുരക്ഷിതമല്ലാത്ത രീതിയിലുള്ള കണ്ടന്റുകൾ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. പാലിന്റെ സാമ്പിൾ പരിശോധന ഇടയ്ക്കിടെ തുടരുന്നുണ്ട്. പക്ഷേ രണ്ടുമൂന്നുവർഷംമുമ്പ് ഇവിടെ പാലിൽ രാസവസ്തുക്കളുടെ സാനിധ്യം കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിൽ ചില പ്രമുഖ ബ്രാൻഡുകൾ കേരളത്തിൽ നിരോധിച്ചതിനെ തുടർന്നു ഇപ്പോൾ സംസ്ഥാനത്തെത്തുന്ന ഇത്തരം പാലിന്റെ അളവ് കുറഞ്ഞിട്ടുണ്ടെന്നുവേണം മനസിലാക്കാൻ. ഓണം പോലുള്ള ഉത്സവ സീസൺ സമയങ്ങളിൽ ചെക്പോസ്റ്റുകളിൽ മൊബൈൽ ലാബ് സൗകര്യം ഉപയോഗിക്കുന്നുണ്ട്. ഇവിടെവെച്ചു പരിശോധന നടത്തി കുഴപ്പമില്ലെങ്കിൽ മാത്രമേ കടത്തിവിടാറുള്ളൂ.

കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന പച്ചക്കറികൾ എത്രമാത്രം സുരക്ഷിതമാണ്? കേരളത്തിലേക്കു കയറ്റി അയക്കുന്നതിനു മാത്രമായി കീടനാശിനി തളിച്ചു സംരക്ഷിക്കുന്ന പ്രത്യേകം പച്ചക്കറി തോട്ടങ്ങൾ തമിഴ്നാടുൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ ഉണ്ടെന്നു അടുത്തിടെ റിപ്പോർട്ട് വന്നിരുന്നല്ലോ. കേരളത്തിലേക്കു കയറ്റി അയക്കുന്ന പച്ചക്കറികൾ ഒരിക്കലും അവർ ഉപയോഗിക്കില്ലെന്നും കേട്ടിട്ടുണ്ട്.
ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ തമിഴ്നാട് ഫുഡ് സേഫ്ടി കമ്മീഷണറെയും മറ്റു സംസ്ഥാനങ്ങളിലെ ഫുഡ് സേഫ്ടി കമ്മീഷണർമാരെയും ഫുഡ് സേഫ്ടിയുടെ കേന്ദ്ര ഏജൻസിയായ ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയെയും അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ അവരുടെ സഹായം നമ്മൾ തേടിയിട്ടുണ്ട്. അതുകൂടാതെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഭക്ഷ്യസെക്രട്ടറിമാരുടെ യോഗം വിളിക്കാനും കേന്ദ്രത്തോടു ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇക്കാര്യം നേരിട്ടുചെന്നു പരിശോധിക്കുന്നതിനു നമ്മുടെ ഒരു പഠനസംഘത്തെയും രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെത്തുന്ന പച്ചക്കറികളിലെ കീടനാശിനി സാനിധ്യം കുറഞ്ഞ സമയംകൊണ്ടു പരിശോധിച്ചു ഫലം ലഭ്യമാക്കുന്നതിനും കാർഷിക സർവകലാശാലയുടെയും സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണം തേടിയിരുന്നെങ്കിലും പരിശോധന വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള ടെക്നോളജി നിലവിൽ വരാത്തതുകൊണ്ടുതന്നെ ഈ സ്ഥാപനങ്ങളുടെ സേവനം ലഭ്യമായിട്ടില്ല. ഈ ബുദ്ധിമുട്ട് ഭക്ഷ്യസുരക്ഷാവിഭാഗം നല്ലരീതിയിൽതന്നെ അനുഭവിക്കുന്നുണ്ട്. റിസൾട്ടു വേഗത്തിൽ ലഭിച്ചാൽ മാത്ര

മേ പച്ചക്കറി ലോഡ് മാർക്കറ്റിലെത്തുന്നതു തടയാൻ നമുക്ക് സാധിക്കുകയുള്ളൂ.

മത്സ്യങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനു ഫോർമാലിൻ എന്ന രാസവസ്തു വ്യാപകമായി ചേർക്കുന്നുവെന്നതാണ് മറ്റൊരു ആക്ഷേപം. ഇക്കാര്യം പരിശോധനക്കു വിധേയമാക്കിയിട്ടുണ്ടോ? പെട്ടെന്നു നശിക്കുന്നവ ആയതുകൊണ്ടുതന്നെ പാക്കറ്റ് ഫുഡ് പരിശോധിക്കുന്നതുപോലെ മത്സ്യങ്ങൾ പരിശോധിക്കാൻ കഴിയില്ല എന്നതാണു ഭക്ഷ്യസുരക്ഷാ വിഭാഗം നേരിടുന്ന പ്രധാന പ്രശ്നം. മത്സ്യങ്ങളുടെ സാമ്പിളുകൾ ശേഖരിച്ചു ലാബിലെത്തുമ്പോഴേക്കും അതു നശിച്ചിരിക്കും. കാസർകോടുള്ള ഒരാൾക്ക് മത്സ്യസാമ്പിൾ കോഴിക്കോടുള്ള ലാബിൽ എത്തിക്കുകയെന്നതു പ്രായോഗികമല്ല. ഈ സാഹചര്യത്തിൽ എല്ലാ ഫുഡ് സേഫ്ടി സർക്കിളുകളിലും മത്സ്യസാമ്പിൾ സൂക്ഷിക്കാൻ ഐസ് ബോക്സുകൾ വാങ്ങി നൽകിയിട്ടുണ്ട്. മത്സ്യസാമ്പിളുകൾ വേഗത്തിൽ പരിശോധിച്ചു റിസൾട്ട് നൽകുന്നതിനു മൈസൂരിലെ സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം തയ്യാറായി വരികയാണ്.

മറ്റൊരു പ്രധാന പ്രശ്നമാണ് മായം കലർന്ന വെളിച്ചെണ്ണയുടെ വിപണനം. ഇതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു?
എണ്ണയെ കുറിച്ചുള്ള വ്യാപകമായ പ്രചാരണം അതിൽ മിനറൽ ഓയിലും പാരഫിൻ വാക്സും കലർത്തുന്നുവെന്നുള്ളതാണ്. പക്ഷേ ഭാഗ്യവശാൽ ഫുഡ് സേഫ്ടി വിഭാഗം പരിശോധന നടത്തിയ എണ്ണ സാമ്പിളുകളിലൊന്നും ആരോഗ്യത്തെ ബാധിക്കുന്നതൊന്നും കണ്ടെത്തിയിട്ടില്ല. പക്ഷേ വെളിച്ചെണ്ണയുടെ ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെളിച്ചെണ്ണയുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ പലരും പാം ഓയിൽ നിശ്ചിത അളവിൽ കലർത്തുന്നുണ്ട്. ചില സമയത്തു ഇതു കണ്ടെത്താനും ബുദ്ധിമുട്ടാണ്. കഴിഞ്ഞ ഒരുമാസം സംശയം തോന്നിയ വെളിച്ചെണ്ണ സാമ്പിളുകൾ ശേഖരിച്ചു കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ ലാബിൽ പരിശോധന നടത്തിയിരുന്നു. ഇതിൽ നിലവാരം കുറഞ്ഞതായി കണ്ടെത്തിയവർക്കെതിരെ നിയമനടപടിക്ക് തയ്യാറെടുക്കുകയാണ്.

ഹോട്ടലുകളിൽ ഉപയോഗിച്ചു പഴകിയ എണ്ണ വൻതോതിൽ ശേഖരിച്ച് ബുഫെ പാർട്ടികളിലടക്കം ഐസ്ക്രീം എന്നപേരിൽ ലഭ്യമാക്കുന്ന ഫ്രോസൺ ഡെസർട്ടുകളുടെ ചേരുവയായി ഉപയോഗിക്കുന്നതായി വിവരമുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?
ഫ്രോസൺ ഡെസർട്ടുകളെ സംബന്ധിച്ചു നിലവിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തിനു പരാതികളൊന്നും ലഭിച്ചിട്ടില്ല. ഇതിൽ പഴകിയ എണ്ണ ഉപയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതു ആരോഗ്യത്തിനു വളരെയേറെ ഹാനികരമാണ്. ഇക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്. ഐസ്ക്രീമുകളിൽ ഇത്തരം പഴകിയ എണ്ണ ഉപയോഗിക്കുന്നതു സംബന്ധിച്ചും റിപ്പോർട്ടുകൾ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാ വിഭാഗം ജാഗ്രത പുലർത്തുന്നതിനൊപ്പം തന്നെ പൊതുജനങ്ങൾക്കു ഇതുസംബന്ധിച്ചു പരാതികളോ സംശയങ്ങളോ ഉണ്ടെങ്കിൽ ഫുഡ് സേഫ്ടി ഉദ്യോഗസ്ഥരെ സമീപിക്കാവുന്നതാണ്. ഫ്രോസൺ ഡെസർട്ട് എന്ന പേരിൽ തന്നെ ഒരു ഭക്ഷ്യപദാർഥം വിപണിയിൽ ലഭ്യമാണ്. നിലവിൽ അമൂലും മിൽമയും മാത്രമാണ് കേരളത്തിൽ ഐസ്ക്രീം വിപണനം ചെയ്യുന്നത്.

ലൈസൻസില്ലാതെ വിവിധതരം ഭക്ഷ്യവസ്തുക്കൾ കേരളത്തിൽ വിപണി കൈയ്യടക്കുന്നുണ്ട്. ഇതിൽ ആഭ്യന്തര ഭക്ഷ്യോത്പാദകരും ഉൾപ്പെടുന്നു. ഈ വ്യാപാരികളെ എങ്ങനെ നിയന്ത്രിക്കാൻ കഴിയും?
നിലവിലെ സാഹചര്യത്തിൽ കേരളത്തിൽ ഫുഡ് സേഫ്ടി രജിസ്ട്രേഷനോ ലൈസൻസോ എടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയതോടെ അക്ഷയ സെന്ററുകൾവഴിയും അപേക്ഷിക്കാം. ഒരുവർഷത്തേക്കു പരമാവധി 135രൂപയാണു ഇതിനു ചെലവുവരുന്നത്. പന്ത്രണ്ടുലക്ഷത്തിൽ കൂടുതൽ ടേൺ ഓവർ ഉള്ളവർക്കു മാത്രമാണ് ലൈസൻസെടുക്കാൻ രണ്ടായിരം രൂപയിൽ കൂടുതൽ ചെലവുവരുന്നത്. എന്നിട്ടുപോലും പലരും ഇതിനു തയ്യാറാകുന്നില്ല. ഭക്ഷ്യോത്പാദകർക്കു ലൈസൻസും രജിസ്ട്രേഷനും എടുക്കാൻ ഓഗസ്റ്റ് അഞ്ചുവരെ കേന്ദ്രസർക്കാർ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. പക്ഷേ കേരളത്തെ സംബന്ധിച്ചു ഇത്രയും ദീർഘമായ കാലാവധി ആവശ്യമില്ലായിരുന്നു. ബോധവത്കരണത്തിനൊപ്പം തന്നെ തൊട്ടടുത്ത അക്ഷയ സെന്ററുകളിൽപോയി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും അവർക്കുണ്ട്. രജിസ്ട്രേഷന്റെ സമയത്തു ഗുരുതരമായ ലംഘനമുണ്ടാകുമ്പോൾ ലൈസൻസ് കൂടി ഇല്ലായെന്നുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തെ സംബന്ധിച്ചു അതൊരു തെറ്റുതന്നെ

യാണ്. ഈ സാഹചര്യത്തിൽ വൻതുക പിഴയടക്കേണ്ടിവരും. മരണത്തിനു വഴിവയ്ക്കുന്നതടക്കം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യവസ്തുക്കൾ വിൽപന നടത്തുന്നവർക്കു പത്തുവർഷംവരെ തടവുശിക്ഷ ലഭിക്കാവുന്നതാണ്. ഭക്ഷ്യവിഷബാധക്കിടയാക്കുന്ന വസ്തുക്കൾ ആഹാരപദാർഥങ്ങളിൽ കണ്ടെത്തുന്ന സാഹചര്യത്തിൽ ഒന്നു മുതൽ മൂന്നുവർഷംവരെ തടവു ലഭിച്ചേക്കാം. ഇത്തരത്തിൽ നിരവധി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെ 112 ഭക്ഷ്യസാമ്പിളുകൾ സുരക്ഷിതമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ എഴുപതോളം കേസുകൾ വിവിധ ഘട്ടങ്ങളിലായി കോടതിയുടെ പരിഗണനയിലാണ്.

സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെ കാര്യത്തിൽ ഏതെങ്കിലും രീതിയിലുള്ള ഇടപെടൽ ഭക്ഷ്യസുരക്ഷാ വിഭാഗം നടത്തുന്നുണ്ടോ?

ഉച്ചഭക്ഷണം പാചകം ചെയ്യുന്ന സ്കൂളുകൾ ഫുഡ് സേഫ്ടി രജിസ്ട്രേഷൻ എടുക്കുന്നതു സംബന്ധിച്ചു ഡി.പി.ഐയുമായി ചർച്ച നടത്തിയിരുന്നു. കുറേ സ്കൂളുകൾ ഇതിനകം ലൈസൻസ് എടുത്തിട്ടുണ്ട്. അടുത്ത അധ്യയനവർഷം മുതൽ എ.ഇ.ഒ തലത്തിൽ രജിസ്ട്രേഷൻ എടുക്കാനുള്ള നടപടികൾ വിദ്യാഭ്യാസവകുപ്പ് സ്വീകരിക്കുമെന്നു അറിയിച്ചിട്ടുണ്ട്.

ഫുഡ് സേഫ്ടി കമ്മീഷണർ എന്നനിലയിൽ ഈ പദവിയിലിരുന്നു താങ്കൾ എത്രത്തോളം പ്രവർത്തന സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്?

ഒരുജോലിയും നൂറുശതമാനം സംതൃപ്തിയോടെ ചെയ്യാൻ ആർക്കും കഴിയുമെന്നു തോന്നുന്നില്ല. നാലുവർഷം മുമ്പു മാത്രം നിലവിൽ വന്ന പുതിയൊരു വകുപ്പാണിത്. സാമ്പത്തികനിലയടക്കം മോശമായിരുന്ന സാഹചര്യത്തിലാണ് ഭക്ഷ്യസുരക്ഷാ വിഭാഗം പ്രവർത്തനം തുടങ്ങിയത്. ആവശ്യത്തിനു വിദഗ്ധ ജീവനക്കാരില്ലാത്തതാണു ഇപ്പോൾ നേരിടുന്ന ഒരു വെല്ലുവിളി. മറ്റൊന്നു കൃത്യമായ സമയത്ത് പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാനുള്ള സാങ്കേതിക സൗകര്യത്തിന്റെ അഭാവം. എങ്കിൽപോലും ചുരുങ്ങിയ നാളുകൾകൊണ്ടുതന്നെ ഫുഡ് സേഫ്ടി ലാബുകളുടെ നിലവാരം ഉയർത്തുന്നതടക്കം കുറച്ചുകാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടു ഒരു പരാതി ലഭിച്ചാൽ അടിയന്തിരമായി തന്നെ അതു പരിഹരിക്കണം എന്നാണു എന്റെ ആഗ്രഹം. പക്ഷേ ഇതുപ്രാവർത്തികമാകണമെങ്കിൽ എല്ലാ സർക്കിളുകളിലും വേണ്ടത്ര ഉദ്യോഗസ്ഥർ വേണ്ടിവരും. ഇക്കാരണത്താൽതന്നെ ചില സാഹചര്യങ്ങളിൽ നടപടിയെടുക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ചുകഴിഞ്ഞാൽ ഭക്ഷ്യസുരക്ഷാ വകുപ്പിനു മികച്ചരീതിയിൽ പ്രവർത്തിക്കാനാകുമെന്നാണ് എന്റെ വിശ്വാസം.

# Five keys to safer food



## Keep clean

- Wash your hands before handling food and often during food preparation
- Wash your hands after going to the toilet
- Wash and sanitize all surfaces and equipment used for food preparation
- Protect kitchen areas and food from insects, pests and other animals

**Why?**

While most microorganisms do not cause disease, dangerous microorganisms are widely found in soil, water, animals and people. These microorganisms are carried on hands, wiping cloths and utensils, especially cutting boards and the slightest contact can transfer them to food and cause foodborne diseases.



## Separate raw and cooked

- Separate raw meat, poultry and seafood from other foods
- Use separate equipment and utensils such as knives and cutting boards for handling raw foods
- Store food in containers to avoid contact between raw and prepared foods

**Why?**

Raw food, especially meat, poultry and seafood, and their juices, can contain dangerous microorganisms which may be transferred onto other foods during food preparation and storage.




## Cook thoroughly

- Cook food thoroughly, especially meat, poultry, eggs and seafood
- Bring foods like soups and stews to boiling to make sure that they have reached 70°C. For meat and poultry, make sure that juices are clear, not pink. Ideally, use a thermometer
- Reheat cooked food thoroughly

**Why?**

Proper cooking kills almost all dangerous microorganisms. Studies have shown that cooking food to a temperature of 70°C can help ensure it is safe for consumption. Foods that require special attention include minced meats, rolled roasts, large joints of meat and whole poultry.




## Keep food at safe temperatures

- Do not leave cooked food at room temperature for more than 2 hours
- Refrigerate promptly all cooked and perishable food (preferably below 5°C)
- Keep cooked food piping hot (more than 60°C) prior to serving
- Do not store food too long even in the refrigerator
- Do not thaw frozen food at room temperature

**Why?**

Microorganisms can multiply very quickly if food is stored at room temperature. By holding at temperatures below 5°C or above 60°C, the growth of microorganisms is slowed down or stopped. Some dangerous microorganisms still grow below 5°C.



## Use safe water and raw materials

- Use safe water or treat it to make it safe
- Select fresh and wholesome foods
- Choose foods processed for safety, such as pasteurized milk
- Wash fruits and vegetables, especially if eaten raw
- Do not use food beyond its expiry date

**Why?**

Raw materials, including water and ice, may be contaminated with dangerous microorganisms and chemicals. Toxic chemicals may be formed in damaged and mouldy foods. Care in selection of raw materials and simple measures such as washing and peeling may reduce the risk.

Food Safety
World Health Organization

**Knowledge = Prevention**


WHO/SDE/PHE/FOS/01.1
Distribution: General
Original: English




Printed & Published by **Indian Medical Association, Kerala State Branch,** Anayara P.O., Thiruvananthapuram-29
Tel : 0471-2741144, 66. Fax : 0471-2741155
E-mail : imaksb@yahoo.co.in, imaksbhq@gmail.com. Website : www.imakerala.com